# കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം :- ആ.വ.ഡ – JPHN വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിലേ നിലവിലെ സ്ഥാനം പുനഃക്രമീകരിക്കേണ്ടതിനായി ശ്രീമതി. ഗീത. ജെ യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 37/2019 നമ്പർ കേസിന്മേൽ 07.01.2019 ലെ വിധി നടപ്പിലാക്കുന്നത് -സംബന്ധിച്ച്

സൂചന :-
1. 10/8/2009-ലെ എഫ്.ഡബ്ള്യു. സ്പെഷ്യൽ സെൽ 61647/07/ആ.വ.ഡ ഉത്തരവ്.
2. 06.12.2018 ലെ ഉത്തരവ് നമ്പർ. ഇ. എസ് 5-32284/2017/ആ.വ.ഡ
3. 07.01.2019 ലെ ബഹു. കെ. എ. റ്റി യുടെ OA.37/2019 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധി.
4. G.O.(Rt). No. 1707/2019/H & FWD, Dated: 11.07.2019

## ഉത്തരവ് നമ്പർ ഇ.എസ് 5/43765/2019/ആ.വ.ഡ തീയതി. 29/01/2020

കൊല്ലം ജില്ലയിൽ മൈലം പി. എച്ച്. സിയിൽ JPHN Gr. I ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഗീത. ജെ യും മറ്റുള്ളവരും ചേർന്ന് സൂചന 1, 2 പ്രകാരമുള്ള JPHN Gr. II & Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാളുകൾക്ക് നിലവിലുള്ള സ്ഥാനം പുനഃക്രമീകരിക്കേണ്ടതിനായി ഫയൽ ചെയ്ത OA.37/19 നമ്പർ കേസിൻമേൽ 07.01.2019 ൽ ബഹു. കെ. എ. റ്റി പുറപ്പെടുവിച്ച വിധിന്യായപ്രകാരം, ഗവൺമെന്റ് 29.06.2019 ൽ ടിയാളുകളെ നേരിട്ടു കേൾക്കുകയും അനുബന്ധ രേഖകൾ വിശദമായി പരിശോധിക്കുകയും ചെയ്തനന്തരം മേൽ സൂചന 4 പ്രകാരം ഗവ. ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത ഗവ. ഉത്തരവ് പ്രകാരം, ടി കേസ് ഫയൽ ചെയ്ത 1-)ം അപേക്ഷക ശ്രീമതി. ഗീത. ജെ യ്ക്ക് സൂചന 1, 2 പ്രകാരമുള്ള JPHN Gr. II & Gr. I സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള സ്ഥാനം ക്രമത്തിലാണെന്നുള്ളതിനാൽ പുനഃക്രമീകരണം ആവശ്യമില്ലാത്തതാകുന്നു. ടി കേസിലെ 2, 3 അപേക്ഷകരായ ശ്രീമതി. രാജേശ്വരി. എസ്, ശ്രീമതി. ഷീലാകുമാരി. എസ് എന്നിവരുടെ സേവനപുസ്തകങ്ങളും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും ടിയാളുകൾ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയത് 06.05.1998 അല്ലെന്നും 05.06.1998 ൽ ആണെന്നും ബോധ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രാജേശ്വരി. എസിന് സൂചന 1 പ്രകാരമുള്ള JPHN Gr. II സീനിയോറിറ്റി പട്ടികയിൽ നിലവിലെ റാങ്ക് നമ്പർ 1019 റദ്ദ് ചെയ്ത്, ആയത് പുനഃക്രമീകരിച്ച് 1038(A) ആയും സൂചന 2 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിൽ നിലവിലുള്ള റാങ്ക് നമ്പർ 855 റദ്ദ് ചെയ്ത് ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 874(A) നൽകി ഉൾപ്പെടുത്തിയും ശ്രീമതി. ഷീലാകുമാരി. എസിന് സൂചന 1 പ്രകാരമുള്ള JPHN Gr. II സീനിയോറിറ്റി പട്ടികയിലെ നിലവിലെ റാങ്ക് നമ്പർ 1020 റദ്ദ് ചെയ്തും, ആയത് പുനഃക്രമീകരിച്ച് 1038 (B) ആയും സൂചന 2 പ്രകാരമുള്ള JPHN Gr. I സീനിയോറിറ്റി പട്ടികയിലെ നിലവിലെ റാങ്ക് നമ്പർ 856 റദ്ദ് ചെയ്ത് ആയത് പുനഃക്രമീകരിച്ച് റാങ്ക് നമ്പർ 874(B) നൽകി ഉൾപ്പെടുത്തിയും, ടി കേസിലെ 4-)ം അപേക്ഷക ശ്രീമതി. പുഷ്പജാ ദേവി. സിയുടെ പെൻ നമ്പർ, ജനനത്തീയതി, സ്ഥാനക്കയറ്റ ഉത്തരവ് എന്നിവയിൽ വന്ന തെറ്റുകൾ തിരുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദമായ പട്ടിക ഇതോടൊപ്പം ചുവടെ ചേർക്കുന്നു.

C456603
GOVERNMENT OF KERALA

| Sl. No. | Name | PEN No | Date of Birth | Qualification | PSC advice date & order | Date assigning seniority | Date of order of promotion | Date assigned for promotion as JPHN Gr. I | Existing rank no. in seniority list of JPHN | | New rank no in Seniority list of JPHN | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | Gr. II | Gr. I | Gr. II | Gr. I | |
| 1 | Rajeswari. S | 208924 | 28.05.1965 | SSLC/ ANM | MRI(1)3495/KPSC/ MLPM, Dated: 26.08.1995 | 05.06.1998 | FWA4/57685/2009/DHS, Dtd: 18.04.2012 | 25.10.2002 | 1019 | 855 | 1038(A) | 874(A) | Rank reassigned as per IDT on 05.06.1998, Order Dtd:07.01.2019 of Hon'ble KAT in OA 37/2019 & G.O.1707/19/H & FWD, Dt: 11.07.2019 |
| 2 | Sheela Kumari. S | 236494 | 20.04.1966 | SSLC/ ANM | MRI(1)3495/KPSC/ MLPM, Dated: 26.08.1995 | 05.06.1998 | FWA4/57685/2009/DHS, Dtd: 18.04.2012 | 25.10.2002 | 1020 | 856 | 1038(B) | 874(B) | |
| 3 | Pushpajadevi. C | 301753 | 29.05.1966 | SSLC/ ANM | MR(3)2890/KPSC/ MLPM, Dated: 26.08.1995 | 26.08.1995 | FWA6/7777/2012 /DHS, Dtd: 17.12.2013 | 01.06.2000 | 322(A) | 228 | - | - | Correction of Pen No, DOB & Order of promotion |

07.01.2019 ലെ ബഹു. കെ. എ. റ്റി യുടെ OA.37/2019 നമ്പർ കേസിന്മേൽ പുറപ്പെടുവിച്ച വിധി ഇതിനാൽ നടപ്പിലാക്കി ഉത്തരവാകുന്നു.

വിശ്വസ്തതയോടെ

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (A & T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്
   പി. എച്ച്. സി. മൈലം, സി.എച്ച്. സി നെടുമൺകാവ്/ കുളക്കട, എഫ്. എച്ച്. സി പന്തളം
2. ശ്രീമതി. ഗീത. ജെ, പി. എച്ച്. സി. മൈലം /ശ്രീമതി. രാജേശ്വരി. എസ്, സി.എച്ച്. സി കുളക്കട / ശ്രീമതി. ഷീലാ കുമാരി. എസ്, സി. എച്ച്. സി, നെടുമൺകാവ്/ശ്രീമതി. പുഷ്പജാ ദേവി, എഫ്. എച്ച്. സി പന്തളം. (ഉചിതമാർഗ്ഗേന)
3. ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്